

# ഇജ്തിഹാദിലൂടെ പ്രവാചക മാതൃക വീണ്ടെടുക്കുക

പ്രഫ. എ.കെ രാമകൃഷ്ണൻ

**പ്രവാചകന്റെ** ജീവിതത്തെ അതിന്റെ പൂർണതയിൽ പലപ്പോഴും നാം വിലയിരുത്തുന്നില്ല. ഏറക്കുറെ പക്ഷപാതപരമായാണ് നാം പ്രവാചകനെ നോക്കിക്കാണുന്നത്.



പടിഞ്ഞാറൻ ഓറിയന്റലിസ്റ്റുകളും മറ്റും പ്രവാചകൻ നടത്തിയ യുദ്ധാഹ്വാനങ്ങളും സൈനിക നീക്കങ്ങളും വ്യാഖ്യാനിക്കാനാണ് കൂടുതൽ താൽപര്യം കാണിച്ചത്. അറിഞ്ഞോ അറിയാതെയോ ഏതെങ്കിലുമൊരു പക്ഷം പിടിച്ച് പ്രവാചക ജീവിതത്തെ വിലയിരുത്താനാണ് നാം ശ്രമിക്കുന്നതും. 'സലാം' അഥവാ സമാധാനം എന്ന് വിവക്ഷിക്കുന്ന ഇസ്‌ലാമിന്റെ യഥാർഥ സത്തയിലേക്ക് ഈ വ്യാഖ്യാനങ്ങളൊന്നും നീളുന്നില്ല. അടിസ്ഥാനപരമായ വിലയിരുത്തൽ നടക്കാതെ പോകുന്നു എന്നതു തന്നെയാണ് ഇതിന്റെ യഥാർഥ പ്രശ്നം.

പ്രവാചകനെ വിലയിരുത്തുന്നതിലുള്ള അപാകതകൾക്ക് ഇസ്‌ലാമിക പൗരോഹിത്യ വിഭാഗവും കുറ്റക്കാരാണ്. തങ്ങളുടെ പ്രത്യേക വീക്ഷണങ്ങൾക്ക് അനുസൃതമായി സംഭവങ്ങളെ വ്യാഖ്യാനിക്കാനാണ് അവർക്കു താൽപര്യം. രാഷ്ട്രീയ-സൈ

നിക ഇടപെടൽ മാത്രമല്ല  പ്രവാചകൻ നടത്തിയത്. സമാധാനം നിലനിർത്താനുതകുന്ന ഒട്ടേറെ നടപടികൾ ആ മഹദ് ജീവിതത്തിലുടനീളം ഉണ്ടായിരുന്നു. ഹുദൈബിയ സന്ധി തന്നെ ഉദാഹരണം. അശാന്തിയുടെ അന്തരീക്ഷം ഇല്ലാതാക്കാൻ വിട്ടുവീഴ്ചകളോടെ നടപ്പാക്കിയ എല്ലാ അർഥത്തിലും നയതന്ത്രജ്ഞത നിറഞ്ഞ ഒന്നായിരുന്നു ആ കരാർ. യഹൂദന്മാരുടെ കാര്യത്തിൽ പോലും കരാറുകളും സൗമനസ്യവും പ്രവാചകൻ തന്റെ ജീവിതത്തിൽ രൂപപ്പെടുത്തിയതിന്  തെളിവുകളുണ്ട്. പ്രവാചകൻ പ്രധാനമായും ശ്രമിച്ചതും ശ്രദ്ധിച്ചതും പ്രശ്നപരിഹാരത്തിനായിരുന്നു. സമാധാനം ഉദ്ഘോഷിച്ച പ്രവാചകനിൽ നിന്നു വേണം നാം ഇന്ന് ഈ മാതൃക സ്വീകരിക്കാൻ. ഇസ്രയേൽ-ഫലസ്തീൻ പ്രശ്നം തന്നെ നോക്കുക. ഇവിടെ സമാധാനത്തിന്റെ വഴി സ്വീകരിക്കുക എന്നത് നിഷിദ്ധമായി കാണേണ്ട ഒന്നല്ല. ഫലസ്തീൻ ജനത നേരിടുന്ന ദുരിതങ്ങൾ ഉയർത്തിക്കാട്ടി പ്രതിഷേധിക്കുന്ന ചെറിയ ആൾക്കൂട്ടങ്ങൾ ഇസ്രയേലിൽ പോലുമുണ്ടെന്ന് നാമറിയണം. ഭൂരിപക്ഷ ശബ്ദമായി അതൊന്നും മാറുന്നില്ലെന്നത് ശരിയാണ്. പക്ഷേ, നീതിയുക്തമായിരിക്കണം പ്രശ്നപരിഹാരം.  നീതിയുടെ ഈ വശത്തിന് എപ്പോഴും ഊന്നൽ നൽകിയിരുന്നു പ്രവാചകൻ.

സംഘർഷ സാഹചര്യത്തിൽ സൈനിക പരിഹാരം മാത്രമല്ല നാം അന്വേഷിക്കേണ്ടത്. അത്തരം ഘട്ടങ്ങളിൽ പ്രവാചക ജീവിതത്തിലെ മഹിത മാതൃകകൾ നാം ഉൾക്കൊള്ളണം. രാഷ്ട്രീയ-ധാർമിക നിലപാടുകൾ സ്വീകരിക്കേണ്ടി വരുമ്പോൾ എപ്പോഴും ഈ വശം നാം മനസ്സിൽ സൂക്ഷിക്കുകയും വേണം. ഇന്നത്തെ മനുഷ്യജീവിത സാഹചര്യം മുൻനിർത്തി പൂർണാർഥത്തിൽ പ്രവാചകനെ വിശകലനം നടത്താൻ നമുക്ക് കഴിയണം.

ഖുർആനും പ്രവാചകചര്യയും വ്യാഖ്യാനിക്കുന്ന വേളയിലും പുതുകാലവുമായി അവയെ ബന്ധിപ്പിക്കാൻ നമുക്ക് സാധിക്കണം. 'ഇജ്തിഹാദ്' എന്നത് കേവലം ഒരു സംജ്ഞ മാത്രമല്ല.  പല വിധത്തിലും ഇജ്തിഹാദ് ആകാവുന്നതാണ്. ഇവിടെ ശ്രദ്ധിക്കേണ്ടത് മതത്തെ വ്യാഖ്യാനിക്കാൻ ഒരുങ്ങുമ്പോൾ  അടിസ്ഥാനപരമായി ആഴത്തിലുള്ള രണ്ട് അറിവുകൾ നമുക്കു വേണം എന്നതാണ്. ഇസ്‌ലാമിനെ വ്യാഖ്യാനിക്കുമ്പോൾ ഖുർആൻ ഉൾപ്പെടെ അടിസ്ഥാന പ്രമാണങ്ങളിൽ അഗാധമായ ജ്ഞാനം ഒരാൾക്കു കൂടിയേ തീരൂ.  അതേസമയം ആധുനിക വിജ്ഞാനീയങ്ങളിൽ ആഴത്തിലുള്ള അറിവും പ്രധാനമാണ്. ഇസ്‌ലാമികവും ഇസ്‌ലാമികേതരവുമായ ജ്ഞാനം അത്യാവശ്യം. രാഷ്ട്രീയവും മറ്റുമായ സമകാലിക അറിവുകളുടെ അഭാവത്തിൽ ഒരു വ്യാഖ്യാനവും അതിന്റെ പൂർണതയിലെത്തില്ല.

നാം ജീവിക്കുന്ന കാലത്തെ കുറിച്ചുള്ള അറിവ് അനിവാര്യമാണെന്ന് ചുരുക്കം. പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പാണ് ചൈനയിൽ പോയും വിദ്യ അഭ്യസിക്കണമെന്ന് പ്രവാചകൻ അനുചരന്മാരോട് നിർദേശിച്ചത്. സമകാലികമായ അറിവ് നേടിയിരിക്കണം എന്നതിനുള്ള ശക്തമായ സന്ദേശമായിരുന്നു അത്.

എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, വെള്ളം കടക്കാത്ത അറകളുടെ പരുവത്തിൽ വിരുദ്ധ ധ്രുവങ്ങളിലായാണ് മതാത്മകവും സമകാലികവുമായ രണ്ട് അറിവുകളുടെയും നിൽപ്. ഖുർആനിക വ്യാഖ്യാനത്തിന് മുതിർന്ന ആമിനാ വദൂദ് ഉൾപ്പെടെയുള്ളവർ ഇജ്തിഹാദിന്റെ മേഖലയിൽ നടത്തിയ വേറിട്ട ശ്രമം ശ്രദ്ധേയമാണ്.

എല്ലാ അറിവുകളും സ്വായത്തമാക്കാൻ അവസരം ഒരുക്കുക. ഏതു തെരഞ്ഞെ

ടുക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം ഓരോരുത്തർക്കും ലഭ്യമാക്കുക. കാഴ്ചപ്പാടുകളിലെ വൈവിധ്യം ഉൾക്കൊള്ളാനുള്ള മാനസികാവസ്ഥ വേണം. അതുണ്ടായാൽ പിന്നെ ഒരാൾക്ക് മതമൗലികവാദത്തിലേക്ക് നീങ്ങാൻ കഴിയില്ല. എന്റെ മാത്രം അറിവാണ് യഥാർഥ സത്യമെന്ന് നടിക്കുന്നത് ഒരുതരം ദൈവം ചമയലാണ്.

പ്രവാചകന്റെ ഏറ്റവും അടുത്ത അനുചരന്മാരുടെ ജീവിതവും വീക്ഷണവും പെരുമാറ്റവുമൊക്കെ നാം ശ്രദ്ധിച്ചു വിലയിരുത്തണം. വ്യത്യസ്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിൽനിന്ന് പ്രവാചകൻ അവരെ തടഞ്ഞിരുന്നില്ല. ആവിഷ്കാര സ്വാതന്ത്ര്യം ശരിയായ അർഥത്തിൽ തന്നെ അവിടെ പ്രയോഗവൽക്കരിച്ചു. സ്ത്രീകൾക്കും ആ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അലിക്ക് അധികാരം നിഷേധിച്ചത് ശരിയായില്ലെന്ന് ഉമറിന്റെ ടെന്റിൽ പോയി ശക്തിയുക്തം വാദിക്കാൻ ഫാത്വിമക്ക് ഇസ്‌ലാം തടസ്സമായില്ല. യഥാർഥത്തിൽ അലിക്കായിരുന്നു അവകാശം ലഭിക്കേണ്ടത് എന്നുതന്നെ അവർ തുറന്നു പറഞ്ഞു. ഫാത്വിമ പ്രകടിപ്പിച്ച അഭിപ്രായത്തിന്റെ ന്യായാന്യായം എന്തു തന്നെയായാലും സ്വന്തം നിലപാട് ഉന്നയിക്കാനുള്ള സ്വാതന്ത്ര്യവും കെൽപും അവർക്കുണ്ടായി. പ്രവാചകനിൽ നിന്നു ലഭിച്ച മാതൃകയാണ് ഫാത്വിമക്ക് ഇതിന് പ്രേരണയായത്.

സ്വതന്ത്രമായ ഒരു മനസ്സുണ്ടായിരുന്നു പ്രവാചകന്. തുറന്ന ആ വിമർശന പാരമ്പര്യത്തെ പുനരാവിഷ്കരിക്കാൻ നമുക്ക് കഴിയണം. സയണിസത്തോടുള്ള എതിർപ്പിന്റെ സാംഗത്യം നിലനിൽക്കെ തന്നെ യഹൂദരെ കാണുന്നതു പോലും ഒരുതരം വെറുപ്പായി കാണുന്ന മനഃശാസ്ത്രം നിലനിൽക്കുന്നുണ്ട്. ഒരുതരം സിനോഫോബിയ തന്നെയാണിത്. സ്വന്തം സംസ്കാരത്തിനും നിറത്തിനും പുറത്തുള്ളവരോട് അവജ്ഞയും വിരോധവും നമ്മുടെ സംസ്കാരത്തിൽ നിലവിലുണ്ട്. ഈ മനോഭാവത്തിലൊക്കെ ഫാഷിസത്തിന്റെ ചെറിയ അംശം അടങ്ങിയിരിപ്പുണ്ട്. അന്യവിദ്വേഷം നല്ല രാഷ്ട്രീയ സംസ്കാരമല്ല. ലോകം മാറിയിരിക്കുന്നു. അത് അതിദ്രുതം മുന്നോട്ടു പോവുകയാണ്. വാണിജ്യത്തിലൂടെ അറബ് ലോകം സാംസ്കാരിക സമന്വയം രൂപപ്പെടുത്തിയ ഒരു പാരമ്പര്യം നമുക്കുണ്ട്. അനേകം സംസ്കൃതികൾ ഒന്നിച്ചതിന്റെ തെളിവുകൾ കേരളത്തിലും കാണാം. പ്രാദേശികതയുടെ തടവിൽ ഒതുങ്ങി നിൽക്കാത്തതും ആഗോള മൂല്യമുള്ളതുമായ സംസ്കാര സവിശേഷതയാണത്. കോസ്മോ പോളിറ്റൻ സംസ്കാരം എന്നു വിളിക്കാവുന്ന സമ്മിശ്രവും സാർവലൗകികവുമായ ഈ സംസ്കൃതിയുമായി ആദ്യകാല മുസ്‌ലിംകൾ താദാത്മ്യം കൊണ്ടിരുന്നു. അതു പുനരാവിഷ്കരിക്കാൻ നമുക്കു കഴിയണം.

വിശാലമായ ഒരു നൈതിക വീക്ഷണം ഉണ്ടാകണം. എല്ലാ സംസ്കാരങ്ങൾക്കും അതിൽ ഇടം കിട്ടുകയും വേണം.

ആയുധ പോരാട്ടങ്ങൾക്കും കാലുഷ്യങ്ങൾക്കുമാണ് ഇന്ന് പ്രാമുഖ്യം ലഭിക്കുന്നത്. ഒരുതരം നിരാശാബോധമാണ് അവ ബാക്കിനിർത്തുന്നതും. കുറേക്കൂടി തുറന്ന പ്രകൃതത്തിലേക്കു നാം വരാതെ ഇതിനു പരിഹാരമില്ല. ■

**(തയാറാക്കിയത്:**
**എം.സി.എ നാസർ)**